**പതിമൂന്നാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: *57 — 10.06.2014-ൽ മറുപടിയ്ക്ക്

## ആദിവാസികളുടെ പ്രശ്നങ്ങളിൻമേൽ പരിഹാര നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.റ്റി.എ.റഹീം | കുമാരി.പി.കെ.ജയലക്ഷ്മി |
| ശ്രീ.കെ.വി.വിജയദാസ് | (പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും |
| ശ്രീ.കെ.കുഞ്ഞമ്മദ് മാസ്റ്റർ | കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് |
| ശ്രീ.എസ്.രാജേന്ദ്രൻ | മന്ത്രി) |

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| എ) | ആദിവാസികളും അവരുടെ ഊരുകളും നേരിടുന്ന പ്രധാന പ്രതിസന്ധികൾ എന്തൊക്കെയാണെന്ന് പഠനം നടത്തിയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ; | എ) | ഉണ്ട്. 2008-11 കാലയളവിൽ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സഹകരണ ത്തോടുകൂടി പട്ടികവർഗ്ഗക്കാരുടെ സാമൂഹിക-സാമ്പത്തിക സർവ്വെ നടത്തുകയുണ്ടായി. അതനുസരിച്ച് ഓരോ പട്ടികവർഗ്ഗ സങ്കേതങ്ങളിലേയും നിലവിലുള്ള സ്ഥിതിവിവര കണക്ക് ലഭ്യമായിട്ടുണ്ട്. പട്ടികവർഗ്ഗക്കാർ അനുഭവിക്കുന്ന പ്രധാന പ്രശ്നങ്ങൾ, വാസയോഗ്യമായ വീട്, കുടിവെള്ളം, റോഡ്, വൈദ്യുതി-ഇവയുടെ അഭാവം, ആരോഗ്യസ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഇവ പല സങ്കേതങ്ങളുടെയും സമീപത്തില്ല തുടങ്ങിയവ സംബന്ധിച്ച വിവരങ്ങൾ ടി സർവ്വെയിലൂടെ ശേഖരിച്ചിട്ടുണ്ട്. അത് കാലികമായി പരിഷ്കരിക്കുന്നതിന് എസ്.ടി പ്രൊമോട്ടർമാർ/ ടി.ഇ.ഒ.മാർ എന്നിവർ മുഖേന നടപടി സ്വീകരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| ബി) | ആദിവാസികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഫലപ്രദമായ നടപടികൾ സ്വീകരിക്കാൻ സാധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായുള്ള കമ്മിറ്റിയുടെ നിർദ്ദേശങ്ങളിൽ ഏതൊക്കെയാണ് അട്ടപ്പാടിയിൽ ഇനിയും നടപ്പിലാക്കാനുള്ളതെന്ന് വ്യക്തമാക്കാമോ; | ബി) | പട്ടികവർഗ്ഗക്കാരുടെ കണ്ടെത്തിയ പ്രശ്നങ്ങൾ ഫലപ്രദമായ രീതിയിൽ പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. പട്ടികവർഗ്ഗക്കാരുടെ അടിസ്ഥാന പ്രശ്നങ്ങളായ ഭവന നിർമ്മാണം, ഭൂരഹിതർക്ക് ഭൂമി വാങ്ങി നൽകൽ, ജീവനോപാധി പ്രവർത്തനങ്ങൾ, സ്വയംതൊഴിൽ പദ്ധതി, ആരോഗ്യ-വിദ്യാഭ്യാസമേഖലയിലെ സേവനം മെച്ചപ്പെടുത്തൽ തുടങ്ങിയ പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു.<br>ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ ഒരു കമ്മിറ്റി നിലവിലില്ലെങ്കിലും അട്ടപ്പാടിയിലെ പട്ടികവർഗ്ഗക്കാർ അനുഭവിക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള പ്രവർത്തനങ്ങളുടെ പുരോഗതി അവലോകനം ചെയ്യുന്നതിനായി 26.10.2013-ന് ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ പാലക്കാട് ജില്ലാ കളക്ടറേറ്റിൽ വച്ച് നടന്ന യോഗ തീരുമാനപ്രകാരം 1999-ലെ കെ.എസ്.ടി ആക്ട് പ്രകാരം പട്ടികവർഗ്ഗക്കാരുടെ നഷ്ടപ്പെട്ട ഭൂമി വീണ്ടെടുത്ത് കൊടുക്കുന്നത് സംബന്ധിച്ച് സ്പെഷ്യൽ ഓഫീസറായി ഒറ്റപ്പാലം സബ്കളക്ടർക്ക് അധികചുമതല നൽകിയിട്ടുണ്ട്. മറ്റു നിർദ്ദേശങ്ങളിന്മേൽ വിവിധ വകുപ്പുകൾ നടപടി സ്വീകരിച്ചു വരികയാണ്. |
| സി) | ആദിവാസികളുടെ ജീവിതസാഹചര്യം മെച്ചപ്പെടുത്താൻ എന്തെങ്കിലും പുതിയ | സി) | ഉണ്ട്. 2008-11-ലെ പട്ടികവർഗ്ഗക്കാരുടെ സാമൂഹിക സാമ്പത്തിക സർവ്വെ |

| | | | |
|---|---|---|---|
| | പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശി ക്കുന്നുണ്ടോ; വിശദമാക്കുമോ? | | അടിസ്ഥാനമാക്കി ഏറ്റവും പിന്നോക്കം നിൽക്കുന്നതും ജനസംഖ്യയിൽ കുറവുള്ളതുമായ പട്ടികവർഗ്ഗക്കാർ അധിവസിക്കുന്ന 14 ലൊക്കേഷനുകൾ തെരഞ്ഞെടുത്ത് അവിടെയുള്ള പട്ടികവർഗ്ഗ സങ്കേതങ്ങളിലെ പട്ടികവർഗ്ഗക്കാരുടെ ജീവിതസാഹചര്യം മെച്ചപ്പെടുത്തുന്നതിനും അടിസ്ഥാന സൗകര്യ വികസനത്തിനുമായി നടപ്പ് വർഷം അഡീഷണൽ ടി.എസ്.ബി ആയി അനുവദിച്ച 150 കോടി രൂപ വിനിയോഗിക്കുന്നതിനായി ഒരു പുതിയ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. 14 പട്ടികവർഗ്ഗ കേന്ദ്രീകൃത ലൊക്കേഷനുകളിലെ തെരഞ്ഞെടുത്ത പട്ടികവർഗ്ഗ അധിവാസ കേന്ദ്രങ്ങളുടെ സമഗ്രവികസനത്തിനും പട്ടിക വർഗ്ഗക്കാരുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനും ഉതകുന്ന തരത്തിലുള്ള പ്രോജക്ട് ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനും നടപടി സ്വീകരിച്ചു വരുന്നു.<br>പട്ടികവർഗ്ഗക്കാരുടെ സ്വയംസഹായ ഗ്രൂപ്പുകൾ സംഘടിപ്പിച്ച് സ്ഥായിയായ വരുമാനമുണ്ടാക്കുന്ന പ്രോജക്ടുകൾ നടപ്പിലാക്കുന്നതിനായി ഗുജറാത്തിലെ ആനന്ദിലുള്ള ഇർമയിൽ (IRMA) നിന്നും ഗ്രാമ വികസനത്തിലും മാനേജ്മെന്റിലും PRM യോഗ്യത നേടിയ മൂന്ന് പേരെ നിയോഗിച്ച് പ്രവർത്തനം നടത്തിവരുന്നു. അഭ്യസ്ത വിദ്യരായ യുവതീയുവാക്കൾക്ക് |

| | | | |
|---|---|---|---|
| | | | സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ധനസഹായം നൽകുന്ന പദ്ധതിയും ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. |

Hezipriya

സെക്ഷൻ ഓഫീസർ